PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 3 | യൂണിറ്റ് 8 - വെളിച്ചം പകർന്നവർ | മൊഡ്യൂൾ 16. | ഐക്യഗാഥ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ 'ഐക്യഗാഥ' എന്ന കവിത. മനുഷ്യർ തമ്മിൽ പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിക്കണം എന്നതിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന കവിത. |
| **ആശയം** | എല്ലാത്തിനോടും സ്നേഹവും സഹാനുഭൂതിയും ഉണ്ടാകേണ്ടതുണ്ട്. എല്ലാവരും ഒന്നാണെന്നും പരസ്പരം സഹകരിച്ച് കഴിയേണ്ടതാണെന്നുമുള്ള ധാരണ. |
| **പഠനനേട്ടങ്ങൾ** | കഥ, കവിത, ലഘുവിവരണം എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. കവിതകൾ കേട്ട് ആസ്വദിക്കുകയും, ആശയമുൾക്കൊണ്ട് ഈണം, താളം, ഭാവം, എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുകയും ചെയ്യുന്നു. സ്വന്തം ആശയങ്ങൾ തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതുന്നു. |
| **വ്യവഹാര രൂപം** | കവിത |
| **സാമഗ്രികൾ :** | ഉള്ളൂർ, കുമാരനാശാൻ എന്നിവരുടെ കുട്ടിക്കവിതകൾ |
| **സമയം :** | 3 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. കവിതയിലേക്ക് 2.കവിതാവായന - പദശേഖരം പൂർത്തിയാക്കൽ 3.വായിക്കാം പറയാം 4. വിശകലന ചോദ്യങ്ങൾ 5.വരികൾ കണ്ടെത്താം 6.പദങ്ങൾ വേർതിരിക്കാം. 7.ഈണം കണ്ടെത്താം 8. ഉത്തരം കണ്ടെത്താം 9.വിവിധ ഈണത്തിൽ പാടാം. 10.ആസ്വാദനക്കുറിപ്പ് |
| **വർക്ക് ഷീറ്റ്** | 3123 വരികളും ആശയവും |
| **സർഗ്ഗവേള** | കവിതാലാപനം |
| **ചുമർചിത്രം** | കവിത, ചിത്രം |
| **ദിനാചരണം** | |
| **സി.പി.ടി.എ** | പ്രദർശനം, പ്രകടനം |

**പ്രവർത്തനം - സൂക്ഷ്മപ്രക്രിയ**

**1. കവിതയിലേക്ക്**

വേടൻ വലവിരിച്ചു. പ്രാവുകൾ അതിൽ കുടുങ്ങി. പ്രാവുകൾ ഒരുമിച്ച് വല ഉയർത്തിയപ്പോൾ രക്ഷപ്പെട്ടു. ഈ കഥ ടീച്ചർ ഭാവാത്മകമായി പറഞ്ഞു കൊടുക്കുന്നു. ഈ കഥയിൽ നിന്നും നമുക്ക് മനസ്സിലാകുന്നതെന്താണ്.

ഒരുമ തന്നെ പെരുമ, എന്നാൽ നമ്മുടെ നാട്ടിൽ ഒരുമ എത്രമാത്രമുണ്ട്? ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ വിജയം നമ്മുടേതാണ്. സന്ധ്യാസമയത്ത് ആകാശത്ത് പക്ഷികൾ കൂട്ടമായി പറന്നുപോകുന്നത് കണ്ടിട്ടുണ്ടോ? അവ എന്താണ് മനുഷ്യനോട് പറയുന്നത്? കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിലെഴുതുന്നു.

ഇതുപോലെ കാറ്റ് നമ്മോട് വല്ലതും പറയുന്നുണ്ടോ? പക്ഷികൾ, കടൽ, മേഘങ്ങൾ എന്തൊക്കെ പറയുന്നുണ്ടാവാം? ഊഹിച്ചു നോക്കൂ. കുട്ടികളുടെ പ്രതികരണം ബോർഡിൽ എഴുതുന്നു. ഇതു ശരിയാണോ എന്ന് എങ്ങനെ ഉറപ്പാക്കാം? മഹാകവി ഉള്ളൂർ എന്താണ് പറയുന്നത് - വായനയിലേക്ക്.

**2. കവിത വായന (40 മിനിറ്റ്)**

വ്യക്തിഗതമായി കവിത വായിക്കുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ആദ്യം പറഞ്ഞതുമായി തട്ടിച്ചു ചർച്ച ചെയ്യുന്നു. ഇവിടെ എല്ലാവർക്കും പറയാൻ കഴിഞ്ഞോ? കഴിയേണ്ടേ? എന്തുകൊണ്ട് കഴിഞ്ഞില്ല. (അർത്ഥമറിയില്ല....ആശയം കിട്ടിയില്ല) എങ്ങനെ എല്ലാവർക്കും കണ്ടെത്താൻ കഴിയും? വീണ്ടും വായന വായിക്കുമ്പോൾ അറിയുന്നത് (✓)അറിയാത്തത് (X) ഇഷ്ടപ്പെട്ടത് (-) ചിഹ്നമിടുന്നു. മൂന്നംഗ ഗ്രൂപ്പിൽ ചർച്ച അർത്ഥം/ ആശയം കണ്ടെത്താൻ പൊതു അവതരണം ചർച്ച ടീച്ചറുടെ കൂട്ടിച്ചേർക്കൽ. ഒടുവിൽ എല്ലാവരും നോട്ടുബുക്കിലെഴുതി എന്നുറപ്പാക്കാൻ പാ.പു പേജ് 111 ലെ പദശേഖരം പൂർത്തിയാക്കലും ഈ പ്രവർത്തനത്തിന്റെ കൂടെ കഴിയണം. ഒടുവിൽ ടീച്ചർ ആശയം ക്രോഡീകരിക്കുന്നു. തുടർന്ന് ഈ പാഠത്തിലെ എല്ലാ വാക്കുകളുടേയും അർത്ഥം / ആശയം എല്ലാവർക്കും അറിയാം എന്ന് ടീച്ചർ ഉറപ്പാക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും അർത്ഥം മനസ്സിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതെങ്ങനെ? ഇനിയും വായിക്കാൻ പ്രയാസം നേരിടുന്നവരുണ്ടോ? മുൻ ക്ലാസിൽ നിന്നും അവർക്കുണ്ടായ മാറ്റം എന്താണ്?
വായന അർത്ഥ പൂർണ്ണമാക്കാൻ ഞാനിനിയും എന്താണ് ചെയ്യേണ്ടത്?

**3. വായിക്കാം പറയാം ( 40 മിനിറ്റ് )**

പാ.പു. 109 ലെ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താനാവസരം
കാറ്റ് നമ്മോട് പറയുന്നതെന്താണ്? അങ്ങനെ പറയാൻ കഴിയുന്നത് എന്തുകൊണ്ട്?
തിരമാല നമ്മെ എപ്പോഴും ഓർമ്മിച്ചു കൊണ്ടിരിക്കുന്നത് എന്താണ്?
കാറ്റ്, പക്ഷി, മേഘം എന്നിവ നമ്മോട് സംസാരിക്കുന്നത് എങ്ങനെയാണ്?
ചോദ്യം വ്യക്തിഗത വായന എന്തു മനസ്സിലായിയ കുട്ടികൾ പ്രതികരിക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ ഇടപെട്ട് വ്യക്തത വരുത്തുന്നു
വ്യക്തിഗതമായി ഉത്തരം കണ്ടെത്തി നോട്ടുബുക്കിൽ കുറിക്കുന്നു.
മൂന്നംഗ ഗ്രൂപ്പിൽ അവതരണം - ചർച്ച - പൊതു അവതരണം - മെച്ചപ്പെടുത്തൽ. ടീച്ചർ ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

ചോദ്യങ്ങൾ സ്വയം വായിച്ച് മനസ്സിലാക്കാൻ കഴിയുന്നവരുടെ എണ്ണം കൂടിയിണ്ടോ? വ്യക്തിഗതമായി എല്ലാവരും എഴുതിയിട്ടുണ്ടോ? ഗ്രൂപ്പ് അവതരണത്തിലെ പങ്കാളിത്തം എത്രമാത്രം? പൊതു അവതരണത്തിലെ മികവ്? എന്റെ തിരിച്ചറിവുകൾ?

**4. ആശയമെഴുതാം (40 മിനിട്ട് )**

കുട്ടികളെ 4 ഗ്രൂപ്പാക്കുന്നു. ഒന്നാമത്തെ ഗ്രൂപ്പ് ആദ്യത്തെ 2 വരി കവിത ചൊല്ലുന്നു. രണ്ടാമത്തെ ഗ്രൂപ്പ് അതിന്റെ അടുത്ത രണ്ടു വരി മറുപടിയായി ചൊല്ലുന്നു. അതിന്റെ ആശയവും പറയുന്നു. തുടർന്ന് അടുത്ത രണ്ടുവരി ആ ഗ്രൂപ്പ് തന്നെ ചൊല്ലുന്നു. മൂന്നാമത്തെ ഗ്രൂപ്പ് മറുപടി കവിത (അടുത്ത 2 വരി)



ചൊല്ലുന്നു. 4ാം ഗ്രൂപ്പ് മറുപടിക്കവതി 2 വരി ചൊല്ലുകയും ആശയം പറയുകയും ചെയ്യുന്നു. 4ാം ഗ്രൂപ്പ് മറുപടിക്കവിതയുടെ 2 വരികളും ആശയവും പറയുന്നു. ആശയം കൃത്യമായി പറയുന്ന ഗ്രൂപ്പിനെ പോയിന്റ് നൽകി കളിയായും ചെയ്യാം.

കവിതയിലെ എല്ലാവരിയും പൂർത്തിയാകുമ്പോൾ ടീച്ചർ വർക്ക് ഷീറ്റ് നൽകുന്നു. കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. മൂന്നംഗ ഗ്രൂപ്പിൽ അവതരണം - ചർച്ച മെച്ചപ്പെടുത്താൻ - പൊതുഅവതരണം - ടീച്ചറുടെ ക്രോഡീകരണം. ഓരോ വരിയുടേയും ആശയം സമഗ്രമായി ലഭിക്കത്തക്കവിധം ചർച്ച നടക്കണം.

**പ്രതികരണ പേജിലേക്ക്**

ആശയം പറയൽ കളിയിലെ പങ്കാളിത്തം? എല്ലാവർക്കും ഉത്തരം കണ്ടെത്തി പറയാൻ കഴിഞ്ഞോ? വർക്ക് ഷീറ്റ് ചർച്ച - ഫലപ്രദമായിരുന്നോ? എന്റെ കണ്ടെത്തലുകൾ

**5. വിശകലന ചോദ്യങ്ങൾ**

വിശകലന ചോദ്യചാർട്ട് എഴുതി പ്രദർശിപ്പിക്കുന്നു.

ഒത്തുചേർന്നുള്ള പാട്ടാണല്ലോ ഐക്യഗാഥ. ഇവിടെ ആരൊക്കെയാണ് ഒത്തുചേരേണ്ടത്?

ഐക്യഗാഥ എന്ന കവിത നിങ്ങൾക്ക് നൽകുന്ന സന്ദേശം സ്വന്തം വാക്യത്തിലെഴുതുക

നാം ഒന്നാണ് എന്ന സന്ദേശം പ്രകൃതിയുടെ ഏതെല്ലാം ഭാവങ്ങളിലൂടെയാണ് കവി നമ്മെ ഓർമ്മിപ്പിക്കുന്നത്? കുട്ടികൾ വ്യക്തിഗതമായി ഉത്തരം എഴുതുന്നു (10 മിനിട്ട് )

മൂന്നംഗ ഗ്രൂപ്പിൽ വായിച്ച് അവതരണം - മെച്ചപ്പെടുത്തൽ - പൊതു അവതരണം - മറ്റ് ഗ്രൂപ്പുകളും ടീച്ചറും ഇടപെട്ട് മെച്ചപ്പെടുത്തുന്നു. ടീച്ചർവേർഷൻ പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിന്റെ രചനയുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു.

**ടീച്ചർവേർഷൻ അവതരണം**

1. പ്രകൃതിയിലെ സർവ്വചരാചരങ്ങളും ഒത്തൊരുമയുടെ ഗീതമാണ് ആലപിക്കുന്നത്. അതിന്റെ ചില ഉദാഹരണങ്ങളാണ് കവിതയിൽ പറയുന്നത്. ആത്യന്തികമായി മനുഷ്യരോട് ഒന്നാകാനാണ് കവി ആഹ്വാനം ചെയ്യുന്നത്.

2. പ്രകൃതിയുടെ ചലനം സൂക്ഷ്മമായി നിരീക്ഷിക്കുക. നാം സ്വാർത്ഥരാകുമ്പോൾ നാം ദരിദ്രരാകുന്നു. അതിരുകൾ വെട്ടിമാറ്റിയാൽ ഈ പ്രപഞ്ചം എല്ലാവർക്കും അവകാശപ്പെട്ടതാണ്. അപ്പോൾ നാം ഓരോരുത്തരും ധനികരും ധന്യരുമാകുന്നു.

3. തന്റെ അയൽക്കാരനിൽ നിന്നും താൻ ഒട്ടും ഭിന്നമല്ലെന്ന് മന്ത്രിക്കുന്ന ഇളംകാറ്റും തന്റെ അയൽനാടും തന്റെ നാടും ഒന്നുതന്നെയെന്ന് ആകാശ നീലിമയിൽ നിന്ന് ദൂരക്കാഴ്ച കണ്ട് പാടുന്ന പക്ഷിയും ഉറക്കെ പറഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഭൂഖണ്ഡങ്ങളെ തൊട്ടുതലോടി അവ ഒന്നിനോടൊന്ന് ബന്ധപ്പെട്ടു നിൽക്കുന്നുവെന്ന് ഉദ്ഘോഷിക്കുന്ന തിരമാലയും ഭൂമിയും സ്വർഗ്ഗവും ഒന്നുതന്നെയാണെന്ന് അവയ്ക്കിടയിൽ നിന്ന് ഗർജ്ജിക്കുന്ന മേഘങ്ങളുമെല്ലാം ഒരുമയുടെ സന്ദേശം തന്നെയാണ് അത്യുച്ചത്തിൽ ഉദ്ഘേഷിച്ചുകൊണ്ടിരിക്കുന്നത്.

4. **വരികൾ കണ്ടെത്തുക**

പാ.പു. 109 ലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. 3 അംഗ ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിക്കുന്നു. മറ്റ് കുട്ടികൾ വിലയിരുത്തുന്നു. പൊതു അവതരണം. ഓരോന്നും വായിച്ച് ചർച്ചചെയ്ത ശേഷം അടുത്തത്.

5. **പദങ്ങൾ വേർതിരിക്കാം**

പാ.പു. 109 ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. 3 അംഗ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ച. മെച്ചപ്പെടുത്തൽ. പൊതു അവതരണം. ടീച്ചർ ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവരും പങ്കെടുത്തോ? ആർക്കൊക്കെ ചെയ്യാൻ കഴിഞ്ഞു കഴിഞ്ഞില്ല. കാരണം? എന്റെ കണ്ടെത്തലുകൾ

**6. ഈണം കണ്ടെത്താം (30 മിനിറ്റ് )**

കവിതയ്ക്ക് അനുയോജ്യമായ ഈണം കണ്ടെത്തണം. കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു (5 മിനിറ്റ്) മൂന്നംഗ ഗ്രൂപ്പിൽ അവതരണത്തിന് മുമ്പ് സൂചകങ്ങൾ ഓർമ്മപ്പെടുത്തുന്നു. (ആശയത്തിനിണങ്ങുന്ന ഈണം, ആശയത്തിനണങ്ങുന്ന ഭാവം, അനുയോജ്യമായ താളം) മൂന്നംഗ ഗ്രൂപ്പിൽ അവതരണം ചൊല്ലി അവതരിപ്പിക്കുന്നു. ഗ്രൂപ്പിന്റെ ഈണം മെച്ചപ്പെടുത്തുന്നു. അവതരണം. സൂചകങ്ങൾ വെച്ച് മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചറും വിലയിരുത്തുന്നു. ടീച്ചറുടെ ആലാപനം കുട്ടികൾ വിലയിരുത്തുന്നു.

**പ്രതികരണപേജിലേക്ക്**

- ഈണം കണ്ടെത്തുന്നതിൽ ഉണ്ടായ പുരോഗതി
- എല്ലാവരും പങ്കാളികളായോ?
- മറ്റ് ഗ്രൂപ്പുകളുടെ വിലയിരുത്തൽ കൃത്യതയോടെ നടത്തിയോ?

**7. ഉത്തരം കണ്ടെത്താം (20 മിനിറ്റ് )**

പാ.പു. 110ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ അവതരണം. ഗ്രൂപ്പിന്റെ മെച്ചപ്പെടുത്തൽ. ഗ്രൂപ്പിന്റെ അവതരണം. ടീച്ചറുടെ ക്രോഡീകരണം (വേണമെങ്കിൽ വർക്ക്ഷീറ്റാക്കാം)



**8. വിവിധ ഈണത്തിൽ പാടാം (20 മിനിറ്റ് )**

പാ.പു 110ലെ കവിതാശകലങ്ങൾ വിവിധ ഈണത്തിൽ ചൊല്ലാനവസരം നൽകുന്നു. വ്യക്തിഗത ഈണം കണ്ടെത്തൽ. അവതരിപ്പിക്കാനവസരം (സർഗ്ഗവേദി)

**9. ആസ്വാദനക്കുറിപ്പ്**

കുട്ടികൾ വ്യക്തിഗതമായി കവിതയുടെ ആസ്വാദനം എഴുതുന്നു. 3 അംഗ ഗ്രൂപ്പിൽ പങ്കുവെക്കുന്നു. മെച്ചപ്പെടുത്തുന്നു. അവതരണം - ചർച്ച ടീച്ചർവേർഷൻ ശേഷം

**എഡിറ്റിംഗ്**

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു. പൊതുവായ ചോദ്യങ്ങളിലൂടെ ടീച്ചർ എഡിറ്റിംഗ് നടത്തുന്നു.

**ആശയം**

കവിതയുമായി  ബന്ധമില്ലാത്തവ വന്നിട്ടുണ്ടോ? ഇനിയും ആശയങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ടോ?

**വാക്യഘടന**

പദങ്ങൾ കൃത്യമായി ക്രമീകരിച്ചിട്ടുണ്ട്. അനാവശ്യപദങ്ങൾ വന്നിട്ടില്ല. പദങ്ങൾ ആവർത്തിച്ചിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. പദങ്ങൾ മാറ്റേണ്ടതുണ്ടോ? സന്ദർഭത്തിന് യോജിക്കാത്ത പദങ്ങൾ ഉണ്ടോ?

**അക്ഷരം**

അക്ഷരം, ചിഹ്നം, ചിഹ്നനം എന്നിവ തെറ്റില്ലാതെ എഴുതിയിട്ടുണ്ടോ:? അക്ഷരം, പദം, വാക്യം എന്നിവ അകലം പാലിച്ച് എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപതലം**

ആശയം വിശകലനം ചെയ്തിട്ടുണ്ടോ?

സ്വന്തം നിരീക്ഷണങ്ങൾ ചേർന്നിട്ടുണ്ടോ?

പ്രയോഗഭംഗി, ശബ്ദഭംഗി വ്യക്തമാക്കിയിട്ടുണ്ടോ?

**പ്രതികരണപേജ്**

പരിമിതികൾ, മികവുകൾ തിരിച്ചറിഞ്ഞോ? മുൻരചനയെക്കാൾ മികവുണ്ടോ? പങ്കാളിത്തം എത്രമാത്രം?

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ്-3123

DIET MALAPPURAM

| ക്ലാസ് : 3 | യൂണിറ്റ് 8 - വെളിച്ചം പകർന്നവർ | മൊഡ്യൂൾ 16. | ഐക്യഗാഥ |
|---|---|---|---|

## വരികളും ആശയവും എഴുതുക

| വരികൾ | ആശയം |
|---|---|
| എന്നയൽക്കാരനിൽ നിന്നു ഞാൻ ഭിന്നന-<br>ല്ലെന്നങ്ങു നിന്നിതുവന്നുരയ്പു | |
| | എന്നയൽ നാട്ടിൽനിന്ന് ഈ നാട് വ്യത്യസ്തമല്ല എന്നാണ് മറ്റു പ്രദേശങ്ങൾ കണ്ടുവന്ന പക്ഷികൾ പറയുന്നത് |
| ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-<br>നാകവെ തൊട്ടറിഞ്ഞോതിടുന്നു. | |
| | ഭൂമിയും സ്വർഗ്ഗവും ഒന്നുതന്നെയാണ് എന്ന് ഇവയ്ക്ക് രണ്ടിനുമിടയിൽ നിന്നുകൊണ്ട് കാർമുകിൽ പറയുന്നു. |

| ക്ലാസ് : 3 | യൂണിറ്റ് 8 - വെളിച്ചം പകർന്നവർ | മൊഡ്യൂൾ 16. | ഐക്യഗാഥ |
|---|---|---|---|

# പാടി രസിക്കാം

## പൂക്കാലം

പൂക്കുന്നതിന്നമുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം,
വയ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീനീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ
ചന്തം ധരക്കേറെയായ് ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ - വന്നൂ വസന്തം

*എൻ. കുമാരനാശാൻ*



## കിളിപാടും മരം

കിളിപാടും മരം കിളിമരം
കുളിരോലും മഴ കുളിർമഴ
കളമധുരം മൊഴി കളമൊഴി
മധുനിറയും മലർ മടുമലർ
മലർ വിരിയും വനി മലർവനി
മണിനാദം പോൽ മധുരം നമ്മുടെ
മല നാട്ടിൽ മൊഴി മലയാളം

*ഒ.എൻ..വി കുറുപ്പ്*

## കുഞ്ഞിക്കാറ്റ്

കുഞ്ഞിക്കാറ്റേ കുളിർ കാറ്റേ
കുന്നിന്നപ്പുറമെവിടെപ്പോയ്
കാവിന്നരികെ പുഴവക്കിൽ
പൂവിൻ വീട്ടിൽ വിരുന്നിനുപോയ്
പൂവിൻ കുടിലിൽ ചെന്നപ്പോൾ
പൂമ്പൊടി തന്നോ തേൻതന്നോ
പൂമണമേകിയിരുത്തീട്ടേ
പൂമ്പൊടിതന്നു തേൻ തന്നു.

*തിരുനല്ലൂർ കരുണാകരൻ*

